6646
11/6/15

**കേരള സർക്കാർ**
**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ഐ.സി.ഡി.എസ് മിഷൻ - "First 1000 days Programme for infants in Attappady" എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

**സ.ഉ(സാധാ) നം .** 321/2015/സാനീവ **തീയതി, തിരുവനന്തപുരം,** 04.06.2015

---

**പരാമർശം :** (1) സാമൂഹ്യനീതി ഡയറക്ടറുടെ 28.04.2015 - ലെ ഐസിഡിഎസ്.ബി1 - 22924/14 നമ്പർ കത്ത്.

(2) 16.05.2015 - ൽ നടന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.

**ഉത്തരവ്**

അട്ടപ്പാടി പോലെയുള്ള പ്രദേശങ്ങളിൽ കുട്ടികളിലെ പോഷകാഹാരക്കുറവ് സംബന്ധിച്ച് നിരവധി സംഭവങ്ങൾ റിപ്പോർട്ട് ചെയ്തത് കണക്കിലെടുത്ത് ഒരു ശിശുവിന്റെ വളർച്ചയിൽ ആദ്യത്തെ ആയിരം ദിവസങ്ങളിലൂടെ കുഞ്ഞിന്റെയും ഗർഭസ്ഥ അവസ്ഥയിൽ അമ്മയുടേയും പോഷകാഹാര ആവശ്യങ്ങൾ നിറവേറ്റുന്നതിനായി അട്ടപ്പാടിയിൽ പോഷകാഹാര പരിപാടിയുടെ ഗതിവേഗം ത്വരിതപ്പെടുത്തുന്നതിനായി "First 1000 days Programme for infants in Attappady" എന്ന പദ്ധതി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത പദ്ധതിയ്ക്കായി നടപ്പു സാമ്പത്തിക വർഷത്തെ 2235-02-102-50 (P) ശീർഷകത്തിൽ 25 ലക്ഷം വകയിരുത്തിയിട്ടുമുണ്ട്. ടി പദ്ധതിയിൽ വൈകല്യം മുൻകൂട്ടി കണ്ടു പിടിക്കുക, തടയുക, വൈകല്യ ബാധിത കുട്ടികളുടെ പുനരധിവാസം, IYCF (Infant and Young Child Feeding) IMNCI (Integrated Management of Neonatal and Childhood Illness) എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ഓരോ ഘട്ടത്തിനും ആവശ്യമായി വരുന്ന തുകയുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച പ്രൊപ്പോസൽ അംഗീകരിക്കുന്നതിനും ആയതിലേയ്ക്ക് ആവശ്യമായി വരുന്ന ആകെ തുകയായ 25 ലക്ഷം രൂപ നടപ്പു സാമ്പത്തിക വർഷത്തെ 2235-02-102-50 (P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(2) 16.05.2015 ൽ നടന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ടി ശുപാർശയിലെ പ്രവൃത്തികളുടെ documentation തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് എന്ന നിബന്ധനയോടെ അംഗീകരിച്ചിട്ടുണ്ട്.

(3) ശുപാർശയിലെ പ്രവൃത്തികളുടെ documentation തയ്യാറാക്കി സൂക്ഷിക്കേണ്ടതാണെന്ന നിബന്ധനയോടെ "First 1000 days Programme for infants in Attappady" എന്ന പദ്ധതി

നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയും ആയതിലേയ്ക്ക് ആവശ്യമായി വരുന്ന ആകെ തുകയായ 25. ലക്ഷം രൂപ (ഇരുപത്തിയഞ്ചു ലക്ഷം രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ 2235-02-102-50(P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ.ഷാജഹാൻ
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ